# മന്ന

യു. എ. ഇ., കുവൈത്ത്, തൃശ്ശൂർ & കൊച്ചിൻ    വാല്യം 3 ലക്കം 7

news@newsmanna.com www.newsmanna.com

050 3241610, 055 3969791    നവംബർ (2) 2010


INSIDE THIS ISSUE



ആത്മീക മേഖലയിലെ ആരോഗ്യശാസ്ത്രം



# 'ക്രിസ്തു എന്റെ ആത്മസഖി'

## ജനപ്രിയ സാഹിത്യകാരൻ പെരുമ്പടവം ശ്രീധരനുമായി ഒരു അഭിമുഖം

ഷിബു മുള്ളംകാട്ടിൽ

ക്രിസ്തുസ്നേഹത്തിന്റെ ആഴം വിവരിക്കുമ്പോൾ മലയാളത്തിന്റെ പ്രിയ സാഹിത്യകാരൻ പെരുമ്പടവം ശ്രീധരൻ വാചാലനാകും. സ്നേഹവും സഹനവും ക്ഷമയും ഒക്കെ നമുക്കു കാണിച്ചുതന്ന ക്രിസ്തുവിന്റെ ജീവിതം ഒരു നേർക്കാഴ്ചപോലെ പെരുമ്പടവം വർണിക്കും. പക്ഷെ, ഗോൽഗോഥായിലെ പീഡാനുഭവത്തെക്കുറിച്ച് പറഞ്ഞു തുടങ്ങിയാൽ പെരുമ്പടവത്തിന്റെ വാക്കുകൾ പതറും. ഹൃദയം പിളർക്കുന്ന അനുഭവത്തോടെയല്ലാതെ കുരിശിന്റെ വഴികൾ പെരുമ്പടവത്തിന് പൂർത്തികരിക്കുവാൻ കഴിയുകയില്ല.

ക്രൈസ്തവദർശനമാണ് തന്റെ പല കൃതികളുടെയും ശക്തിയെന്ന് പെരുമ്പടവം ശ്രീധരൻ സമ്മതിക്കുന്നു. ഒന്നരലക്ഷത്തിലധികം കോപ്പികൾ വിറ്റഴിഞ്ഞ 'ഒരു സങ്കീർത്തനം പോലെ' എന്ന നോവലിന്റെ ആഖ്യാനശൈലി ബൈബിൾ ഭാഷയുടെ കാവ്യാത്മകതയെ സ്വാംശീകരിക്കുന്നതാണ്.

താൻ ചാരി നില്ക്കുന്നത് ക്രിസ്തുവിലാണെന്ന് പെരുമ്പടവം പറഞ്ഞു തുടങ്ങി. ക്രിസ്തു എനിക്ക് ആത്മസഖിയാണ്. മാനവികതയെയും സാഹോദര്യത്തെയുംകുറിച്ച് ക്രിസ്തു ലോകത്തിന് ഒരു പുതിയ ഉൾക്കാഴ്ച നല്കി. മനുഷ്യനെയും ദൈവത്തെയും സംബന്ധിച്ച പഴയ നിർവചനങ്ങൾ ക്രിസ്തു തിരുത്തിയെഴുതി. ക്രിസ്തു പഴയ ലോകത്തെ പുതുക്കിപ്പണിതു. മനുഷ്യവർഗത്തിന്റെ പാപങ്ങൾക്ക് പരിഹാരമായി അവിടുന്ന് കുരിശിന്മേൽ തന്റെ രക്തം ഒഴുക്കി. ഈ കാലത്തിൽ നിന്ന് ഞാൻ എന്റെ ഉൾക്കണ്ണ് തുറക്കുമ്പോൾ എന്താണു കാണുന്നത്? ലോകത്തിലെ സകല കുരിശുകളിന്മേലും ക്രിസ്തുവിന്റെ രക്തം ഒഴുകിക്കൊണ്ടിരിക്കുന്നു.

**പ്രശസ്തരല്ലാത്ത, എവിടെയൊക്കെയോ അവരുടെ ഏകാന്തതകളിൽ ഒതുങ്ങിജീവിക്കുന്ന നല്ല മനുഷ്യരുണ്ട്. അവരുടെ നന്മ കൊണ്ടാണ് ഈ ഭൂമി അതിന്റെ അച്ചുതണ്ടിൽ നിന്ന് തെറിച്ചുപോകാത്തത് എന്ന് ഞാൻ വിശ്വസിക്കുന്നു.**

നമ്മുടെ മനഃസാക്ഷിയോടു ഒന്നു തുറന്നു ചോദിക്കൂ, നമ്മൾ ക്രിസ്തുവിൽ നിന്നും ഇപ്പോൾ എത്രയോ അകലെയാണ്!!

***മലയാളിക്ക് എന്തുപറ്റി?***

ദൈവത്തിന്റെ സ്വന്തം നാട് എന്നു വിശേഷിപ്പിക്കുന്ന കേരളത്തെപ്പറ്റി പറയുമ്പോൾ പെരുമ്പടവം അസ്വസ്ഥനാകുന്നു. ധാർമികമായ അപചയത്തിന്റെ നടുവിലാണ് ഇന്ന് കേരളം ജീവിക്കുന്നത്. മാനുഷികമായ നന്മകൾ മലയാളിയുടെ മനസ്സിൽ നിന്നും ചോർന്നുപോയിരിക്കുന്നു. ആലോചിച്ചുനോക്കുമ്പോൾ നടുങ്ങിപ്പോകുന്നു. മലയാളിയുടെ മനസ്സിൽ എന്തെങ്കിലും നന്മ ബാക്കിയുണ്ടോ? കപടരാഷ്ട്രീയവും കപട ആത്മീകതയും വർഗീയതയും കൂടിച്ചേർന്ന് കേരളത്തിന്റെ മൂല്യബോധത്തെ തകർത്തുകളഞ്ഞു. അഴിമതി നിറഞ്ഞ കപടരാഷ്ട്രീയവും പാർട്ടി നേതൃത്വങ്ങളും മലയാളിയെ ധർമഭ്രംശത്തിന്റെ വക്കിൽകൊണ്ട് എത്തിച്ചിരിക്കുന്നു.

നൊമ്പരത്തോടെ പെരുമ്പടവം തുടരുന്നു. വിശ്വസിക്കുവാൻ കൊള്ളാവുന്ന ഒരു രാഷ്ട്രീയ നേതാവിന്റെ പേരു പറയാമോ നിങ്ങൾക്ക്! അനുഗമിക്കുവാൻ പറ്റാവുന്ന ഒരു ആത്മീയ നേതാവിനെ നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാമോ!!

എത്ര തീക്ഷ്ണമായ സങ്കടങ്ങളിൽ നിന്നാണ് ഞാൻ ഈ സന്ദേഹങ്ങൾ ഉന്നയിക്കുന്നതെന്ന് ഓർമിക്കുവാൻ നിങ്ങൾക്ക് ദയ ഉണ്ടാകണം. എല്ലാവരും അഴിമതിക്കാരും, വ്യാജന്മാരും, കൊള്ളക്കാരും ആണെന്നല്ല ഇതിന്റെ അർഥം. പ്രശസ്തരല്ലാത്ത, എവിടെയൊക്കെയോ അവരുടെ ഏകാന്തതകളിൽ ഒതുങ്ങിജീവിക്കുന്ന നല്ല മനുഷ്യരുണ്ട്. അവരുടെ നന്മ കൊണ്ടാണ് ഈ ഭൂമി അതിന്റെ അച്ചുതണ്ടിൽ നിന്ന് തെറിച്ചുപോകാത്തത് എന്ന് ഞാൻ വിശ്വസിക്കുന്നു.

ഒരു രാജ്യത്തിന്റെ രക്ഷ പ്രധാനമായും രാജ്യം ഭരിക്കുന്നവരെ ആശ്രയിച്ചാണ്. നിർഭാഗ്യവശാൽ രാജ്യം ഭരിക്കുന്നവർ തന്നെയല്ലേ ഇപ്പോൾ അഴിമതിക്കാരും കൊള്ളക്കാരും മാഫിയാ സംഘടനകളുടെ വളർത്തച്ഛന്മാരുമായി നമ്മുടെ കൺമുമ്പിൽ നില്ക്കുന്നത്.

മലയാളികൾക്ക് തിരിച്ചറിവിന്റെ വരപ്രസാദം ഉണ്ടാകണം. ഏതു രംഗത്തുള്ള നേതൃത്വങ്ങളെയും സംശയിക്കുവാനും ചോദ്യം ചെയ്യുവാനും ഉള്ള മാനസികമായ തന്റേടം മലയാളിക്ക് ഉണ്ടാകണം. ഇപ്പോൾ മലയാളികൾ അടിമസംഘടനയുടെ ഒരു കൂട്ടമാണ് എന്നാണ് എനിക്കു തോന്നുന്നത്. നേതൃത്വങ്ങളുടെ അടിമയായി ജീവിച്ച് മലയാളികൾ അവരുടെ മാനസികമായ അടിമത്വവുമായി പൊരുത്തപ്പെട്ടുപോയി. ആ അപകടത്തിൽ നിന്ന് മാനസികമായ സ്വാതന്ത്ര്യം വീണ്ടെടുത്ത് ജീവിക്കുവാൻ നമുക്ക് കഴിയണം.

**ദൈവത്തിന്റെ കൈയൊപ്പ്...**

ഹൃദയത്തിനുമേൽ ദൈവത്തിന്റെ കൈയൊപ്പുള്ള എഴുത്തുകാരന് പറയുവാൻ ഒരുപാടു കാര്യങ്ങൾ... പ്രശസ്തമായ വയലാർ അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുള്ള പെരുമ്പടവം ശ്രീധരന്റെ ഭവ്യതയും ലാളിത്യവും ആ ജനപ്രിയസാഹിത്യകാരനോടുള്ള സ്നേഹവും ആദരവും വർധിപ്പിക്കുന്നു.

## പ്രിയം ഗൾഫ് മലയാളികളോട്

ഗൾഫ് മലയാളികളെക്കുറിച്ച് ആരാഞ്ഞപ്പോൾ പെരുമ്പടവത്തിന് നൂറുനാവാണ്. തനിക്ക് ഏറ്റവും അടുപ്പം ഉള്ളത് ഗൾഫ് മലയാളികളോടാണ് എന്ന് അദ്ദേഹം തുറന്നു പറഞ്ഞു. മലയാളികളേക്കാൾ കൂടുതൽ മലയാളത്തെ സ്നേഹിക്കുന്നത് ഗൾഫ് മലയാളികളാണ്. നമ്മുടെ ഭാഷയെയും സാഹിത്യത്തെയും സംസ്കാരത്തെയും ഇത്രയേറെ താല്പര്യത്തോടെ മനസ്സിൽ കൊണ്ടുനടക്കുന്ന മറ്റൊരു മലയാളിസമൂഹത്തെ ഞാൻ കണ്ടിട്ടില്ല. മറ്റ് വിദേശ മലയാളി സമൂഹങ്ങളുമായി പരിചയപ്പെടുവാൻ ഇടവന്നിട്ടുള്ളതിന്റെ അനുഭവത്തിൽ നിന്നാണ് ഞാൻ ഇതു പറയുന്നത്. അവരാരും മലയാളത്തെ സ്നേഹിക്കുന്നില്ല എന്നല്ല. ഗൾഫ് മലയാളികളെപ്പോലെ അത്ര വികാരപരമായി മറ്റുള്ളവർ അതിനെ കണക്കാക്കുന്നുണ്ടോ എന്നുള്ള സംശയമേയുള്ളൂ.

കേരളത്തിൽ നിന്ന് ജീവിതം അന്വേഷിച്ചു വിദേശങ്ങളിലേക്ക് പോകുന്നതിന്റെ ചരിത്രത്തിന് കുറെ പഴക്കമുണ്ട്. ആദ്യമൊക്കെ സിലോൺ, സിംഗപ്പൂർ, മലേഷ്യ, അമേരിക്ക എന്നീ രാജ്യങ്ങളിലാണ് പോയിരുന്നത്. അങ്ങനെ പോയവരെക്കൊണ്ടുള്ള നേട്ടം അവരുടെ കുടുംബങ്ങൾക്ക് മാത്രമായിരുന്നു. എന്നാൽ മലയാളികൾ ഗൾഫ് നാടുകളിലേക്ക് അവരുടെ ജീവിതം അന്വേഷിച്ചു പോകുവാൻ തുടങ്ങിയകാലം മുതൽ ഗൾഫ് മലയാളിയുടെ പ്രയത്നത്തിന്റെ ഫലം കേരളത്തിന് പൊതുവായി അനുഭവിക്കുവാൻ കഴിഞ്ഞു.

കേരളത്തിന്റെ പട്ടിണിയും ദാരിദ്ര്യവും മാറാൻ തുടങ്ങിയത് ഗൾഫ് മലയാളിയുടെ പ്രയത്നം കൊണ്ടാണ്. അവരുടെ വിയർപ്പുകൊണ്ടാണ് കേരളം പിന്നെ പച്ചപിടിക്കുവാൻ തുടങ്ങിയത്. കേരളത്തിന്റെ ഐശ്വര്യത്തിന്റെയും പുരോഗതിയുടെയും ഒരു പ്രധാനകാരണം മരുഭൂമിയിൽ കിടന്ന് കഷ്ടപ്പെടുന്ന മലയാളികൾ തന്നെയാണ്.




മന്ന NOVEMBER 2010

# ആത്മീക മേഖലയിലെ ആരോഗ്യശാസ്ത്രം



ഒരിക്കൽ ഒരു അധ്യാപകൻ വിദ്യാർഥികളോടു ചോദിച്ചു, "what is Health?" ആരോഗ്യം എന്നാൽ എന്ത്? ഒരു വിദ്യാർഥി മറുപടി നല്കി. "Health is wealth" ആരോഗ്യമാണ് ധനം. ശരിയല്ലേ, ആരോഗ്യം കാത്തുസൂക്ഷിക്കുവാൻ വേണ്ടി എന്തെല്ലാം മനുഷ്യൻ ചെയ്യുന്നു. രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതിരിക്കുവാനുള്ള സൂക്ഷ്മതയെക്കുറിച്ച് എല്ലാവരും ബോധവാന്മാരാണ്. ആരോഗ്യമുള്ള ശരീരത്തിനുവേണ്ടി വ്യായാമമുറകൾ നടത്തുന്നവർ കൂടിവരുന്നു. പ്രഭാതസവാരിയും സായാഹ്നനടത്തങ്ങളും നഷ്ടപ്പെട്ടുപോകുന്ന ആരോഗ്യത്തെ തിരിച്ചുപിടിക്കാൻ വേണ്ടിയുള്ള സൂത്രങ്ങളാണ്. അതോടൊപ്പം ആരോഗ്യമുള്ള മനസ്സും ആവശ്യമാണ്. അത് പ്രാപിക്കുവാൻ വേണ്ടിയുള്ള ആത്മീകമേഖലയാണ് മനുഷ്യൻ തെരഞ്ഞെടുക്കുന്നത്.

വേദപുസ്തകത്തിൽ പറയുന്നു ദേഹം മുഴുവൻ മുറിവും ചതവും അതു വെച്ചുകെട്ടിയിട്ടില്ല, മരുന്നു വെച്ചിട്ടില്ല. ദുർഗന്ധം വമിക്കുന്നു. ഈ രീതിയിൽ പോയാൽ അണുബാധ ഉണ്ടാകാം. ഈ അണുബാധ ധാരാളം ശിശുക്കളുടെ മരണം ക്ഷണിച്ചുവരുത്തുന്നു. അപ്പോൾ ശുദ്ധീകരണവും ശുചീകരണവും ഉപവാസപ്രാർഥനകളുടെയും പ്രവാചനക വൃന്ദങ്ങളുടെയും രൂപത്തിൽ പാഞ്ഞെത്തുന്നു. അതു കഴിഞ്ഞുള്ള വാരങ്ങളിൽ ശങ്കരൻ പിന്നെയും തെങ്ങിൽ എന്ന അവസ്ഥ.

ജനകോടികൾ ഒഴുകുന്ന സമാധാനകേന്ദ്രങ്ങളിൽ നിന്നും ശവശരീരങ്ങൾ ഒഴുകുന്നു എന്നുപോലും, പീഢനങ്ങളുടെ കദനകഥ അവിടെനിന്നും രചിക്കപ്പെടുന്നു എന്നോ ചിലരുടെ നിഗമനം ധ്യാനകേന്ദ്രങ്ങളുടെ ആരോഗ്യം വഷളായിരിക്കുകയെന്നാണ്. ഇതുവരെ ചെയ്ത നല്ല കാര്യങ്ങൾ എല്ലാം വെള്ളത്തിൽ വരച്ച വരപോലെയായില്ലേ! ആർക്കറിയാം സത്യം.

ധനാരോഗ്യമുള്ള ചില മനുഷ്യർ ഭൂമി കയ്യേറ്റം ചെയ്തപ്പോൾ ഓർത്തുപോകുന്നത് സഭാതർക്കങ്ങളുടെ ആരോഗ്യത്തോടെയുള്ള അനാരോഗ്യകായികമേളകളെയാണ്. സഭാഭൂമികൾ കയ്യേറ്റം ചെയ്യുമ്പോൾ സഭകളുടെ അസ്ഥികൾ ഒടിയാറുണ്ട്. പിളർത്തി പിളർത്തി സ്വത്തും ഭൂമിയും ചിതറി സഭ ഇന്ന് അത്യാസന്ന നിലയിലാണ്. ഭൗതികാവസ്ഥ കണ്ണഞ്ചിപ്പിക്കുന്നതാണ്. അടിത്തട്ടും മുകൾത്തട്ടും ഇടത്തട്ടമുള്ള ദേവാലയമന്ദിരം പക്ഷെ ഒഴിവുകളേറെ. അപേക്ഷ സമർപ്പിക്കാറില്ല. സഭയുടെ ആത്മീക പ്രകൃതി സൗന്ദര്യത്തെ പിച്ചിച്ചീന്തിക്കൊണ്ടുള്ള ഭൗതികവാദങ്ങൾ വികസനത്തിന്റെ (സമൃദ്ധിയുടെ) പേരുപറഞ്ഞുകൊണ്ട് ഉടലെടുത്തിരിക്കുന്നു.

ഇതിനൊക്കെ ഒരു മാറ്റം വേണ്ടേ? സഭയുടെ ആരോഗ്യം തിരിച്ചുകൊണ്ടുവരണ്ടേ? പണ്ടൊരിക്കൽ സഭയിലെ ഏറ്റവും മുതിർന്ന അംഗം (പ്രായം കൊണ്ടല്ല, പരിചയംകൊണ്ട്) ഇടയനോടൊരു അഭ്യർഥന, ഇങ്ങനെ പോയാൽ പറ്റില്ല ഉപദേശീ, ഒരേഴു ദിവസം ഇരുന്ന് സഭയുടെ സ്ഥിതിക്കൊരു ഭേദമുണ്ടാക്കണം. അപ്പോൾ ഇടയൻ വടിയും കോലും കൊണ്ട് ആശ്വാസമേകിയത് ഇങ്ങനെയാണ്. ചുമ്മാ ഏഴും, പത്തും, ഇരുപത്തിയൊന്നും നാല്പതും ഇരുന്നിട്ട് കാര്യമില്ല. ഇരിക്കുന്നതിനു മുമ്പ് മാനസാന്തരപ്പെടണം. എല്ലാവരും പരസ്പരം ക്ഷമിച്ചും സഹിച്ചും പിണക്കം മാറ്റിയും അനുതപിച്ച് ശുദ്ധീകരണം പ്രാപിക്ക്. അകത്തു കടന്നിരിക്കുന്ന അണുക്കളെ നശിപ്പിക്കുവാൻ മാനസാന്തരം എന്ന മരുന്ന് കഴിക്കുകഎന്നിട്ടൊരുഉണർവ് യോഗം. അപ്പോൾ ആരോഗദൃഢഗാത്രയായ തിരുസഭ എഴുന്നള്ളിവരും. എത്ര നല്ല ആത്മിക ആരോഗ്യശാസ്ത്രമാണ് ഇടയൻ വടിയും കോലും കൊണ്ട് നല്കിയത്. എല്ലാ ഇടയന്മാരും ഈ ആരോഗ്യശാസ്ത്രം നല്കാറില്ല. നല്കിയാൽ ഇടയന്റെയും കുടുംബത്തിന്റെയും മാനസികവും ശാരീരികവും സാമ്പത്തികവുമായ ആരോഗ്യം മെലിഞ്ഞുപോകും. അതുകൊണ്ട് പല ഇടയന്മാരും മിണ്ടാതിരുന്ന് ദൈവമെന്നറിയുകയാണ്. ഇത്തരം വീര്യമുള്ള മരുന്ന് നിർദേശിക്കുന്ന ഇടയന്മാർ ജീവിക്കുന്ന രക്തസാക്ഷികളായി യേശുവിന്റെ രക്തത്തിൽ ആശ്രയിച്ച് ജീവിച്ച് പോകുന്നു. ചില സഭാമക്കൾക്ക് സ്വാഭിപ്രായമാണ് വലുത്. വൃദ്ധന്മാർ ആത്മീക വൃദ്ധസദനങ്ങളിൽ പാർത്താലും ആത്മീക ശിശുഭരണം സംഭവിച്ചാലും ചെറുപ്പക്കാർ ലോകമായയെന്ന് സ്ലീപ്പർ കോച്ചിൽ കിടന്ന് ഉറങ്ങിയാലും ഞങ്ങൾ കൊയ്യും വയലുകളെല്ലാം ഞങ്ങളുടെതാകണം. പൈങ്കിളിയേ എന്ന പാട്ട് പ്രവൃത്തിയിൽ കൊണ്ടുവരികയാണ് ഇവർ ചെയ്യുന്നത്. പൈങ്കിളികൾ വെറും നോക്കുകുത്തികൾ മാത്രം. ഇത് സഭയുടെ ആരോഗ്യത്തിന് നല്ലതല്ല.

സഭയ്ക്ക് വേണ്ട ഭക്ഷണം ക്രമമായ മായമില്ലാത്ത പാൽ എന്ന സമ്പൂർണ ദൈവവചനമാണ്. മറ്റ് കൃത്രിമ ഭക്ഷണങ്ങളുടെ പരസ്യങ്ങളിൽ കുടങ്ങി വഞ്ചിതരാകാതിരിക്കുക. അവയൊക്കെ പാർശ്വഫലങ്ങൾ സൃഷ്ടിക്കും. ഇത് മനസ്സിലാക്കാൻ സ്വർഗീയ ആരോഗ്യവകുപ്പിൽ നിന്ന് വിവേചനവരം എന്ന ഔഷധം വിതരണം ചെയ്യുന്നുണ്ട്. ദൈവസന്നിധി എന്ന ഓഫീസിൽ നിന്നും ഇതിനുള്ള അപേക്ഷാഫോമുകൾ ലഭ്യമാണ്. ധ്യാനവും പ്രാർഥനയും എന്ന ഈ അപേക്ഷാഫോം പൂരിപ്പിച്ച് സമർപ്പിക്കുക. അപേക്ഷിക്കുന്നവർ ആത്മീക മെഡിക്കൽ പരിശോധന നടത്തി ജഡത്തിന്റെ ഫലങ്ങൾ ഉണ്ടോ എന്ന് അറിയുക. ആത്മാവിന്റെ ഫലങ്ങൾ ഇല്ലാത്തവരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

പരസ്പര സൗഹാർദ്ദത്തിന്റെയും സ്നേഹസാഹോദര്യത്തിന്റെയും ഇടങ്ങളിൽ ഒരു ഭീകരവാദവും വൈറസ് ആക്രമണവും ഫലിക്കില്ല. സ്നേഹസാഗരത്തിലൂടെ ഒഴുകുന്ന ശാന്തിയുടെ തോണിയാകുന്ന സഭയ്ക്കു മാത്രമേ ഒരു ശുഭ തുറമുഖം കാത്തരിക്കുന്നുള്ളൂ.

## ഉണർവിനുവേണ്ടി ഇവിടെ തുടങ്ങണം?

പെന്തെക്കോസ്തു സമൂഹത്തിന്റെ മൂല്യച്യുതിയോർത്തു വേദനിക്കുന്ന അനേക ആത്മീയർ സഭകളിലുണ്ട്. "പണ്ടത്തെപ്പോലൊരു നല്ലകാലം ഞങ്ങൾക്കു നൽകണമേ" എന്നു അടച്ചിട്ട മുറികളിലിരുന്നു ആ ന്യൂനപക്ഷം വിലപിക്കുന്നു. അവർക്കു പരാതിപറയുവാനുള്ളതു ദൈവത്തോടാണ്. മൂല്യശോഷണം സംഭവിച്ച നേതാക്കളോടോ ഭരണകർത്താക്കളോടോ പറഞ്ഞിട്ടു യാതൊരു ഫലവുമില്ലെന്നറിയാവുന്ന അവരുടെ ഞരക്കം സഭയുടെ നാഥനായ കർത്താവു കേട്ട് മറുപടി നൽകുമെന്നു തന്നെയാണവരുടെ വിശ്വാസം.

പരസ്പരം പഴിപറഞ്ഞ് രക്ഷപ്പെടാൻ ശ്രമിക്കുന്നവർ ഏറെയാണ്. വിശ്വാസികൾ പാസ്റ്റർമാരെയും, അവർ നേതാക്കളെയും കുറ്റംപറയും. കിട്ടുന്ന വേദികളിൽ വാചാലമായി പ്രസംഗിച്ച് ചിലർ തൃപ്തിയടയും. നഷ്ടപ്പെട്ട മൂല്യത്തെക്കുറിച്ചൊന്നും പറയാതെ സഭ വളരുന്നു, അവിടെ അത്ഭുതം, ഇവിടെ അത്ഭുതം എന്നൊക്കെ പറഞ്ഞ് ജനത്തെ ഇളക്കി പ്രസംഗം അവസാനിപ്പിക്കും. ഇളക്കപ്പെരുപ്പംകൊണ്ട് ഉണർവുണ്ടായി എന്നാണവരുടെ വിശ്വാസം. ഉണർവിന്റെ ലക്ഷണമെന്താണെന്നോ, ഫലമെന്താണെന്നോ ഒന്നും അവർ വിശദീകരിക്കുകയില്ല. ഇളക്കപ്പെരുപ്പമാണു ഉണർവെന്ന ധാരണ ജനങ്ങൾക്കു നൽകി രക്ഷപ്പെടുകയാണവർ.

എഴുതുവാൻ കഴിവുള്ളവർ തങ്ങളൊഴികെ എല്ലാവരും കുറ്റക്കാരാണെന്നു പറയുവാൻ ശ്രമിക്കും. സത്യത്തിന്റെ കാവൽക്കാരെന്നു പറഞ്ഞു സ്വന്ത 'ഇമേജ്' വർധിപ്പിക്കുവാനുള്ള ശ്രമമല്ല, പ്രശ്നത്തിനു പരിഹാരം വരുത്തുവാനുള്ള ബോധപൂർവമായ പരിശ്രമമാണാവശ്യം. അങ്ങുമിങ്ങും പഴിചാരിയതുകൊണ്ടു പ്രശ്നം തീരുകയില്ല. ആരെക്കൊണ്ടെങ്കിലും എഴുതിച്ചതുകൊണ്ടോ പറയിച്ചതുകൊണ്ടോ പ്രശ്നപരിഹാരമുണ്ടാവുകയില്ല.

നമ്മുടെ സമൂഹത്തിനു ജീർണതയുണ്ടെന്നു ബോധ്യമുണ്ടായാൽ പരിഹാരപ്രക്രിയ അവരവരിൽ തന്നെയാണ്. ആദ്യമായി നാം കാണേണ്ടതു നമ്മെത്തന്നെയാണ്. ഞാൻ നന്നാകാതെ, എന്റെ കുടുംബം നന്നാകുകയില്ല, എന്റെ കുടുംബത്തിനു വ്യത്യാസം വരാതെ സഭ മെച്ചപ്പെടുകയില്ല എന്ന തിരിച്ചറിവാണു ആദ്യമുണ്ടാകേണ്ടത്.

പ്രസംഗത്തിനുവേണ്ടി പ്രസംഗിക്കുകയോ എഴുത്തിനു വേണ്ടി എഴുതുകയോ ചെയ്യരുത്. സ്വന്ത കണ്ണിൽ കോൽ ഇരിക്കെ സഹോദരന്റെ കണ്ണിലെ കരടു കാണുവാൻ കഴികയില്ല എന്ന സത്യം അംഗീകരിക്കുവാൻ അടി മുതൽ മുടിവരെയുള്ളവർ ശ്രമിക്കണം. നവീകരണവും ക്രമീകരണവും വിശുദ്ധിയും തുടങ്ങേണ്ടതു നമ്മിൽ തന്നെയാണ്. നമ്മുടെ ജീവിതം കണ്ടാണു മറ്റുള്ളവർ കൃപയിലേക്കു വരേണ്ടതും നിലനിൽക്കേണ്ടതുമെന്നു മറക്കരുത്. എവിടെ തുടങ്ങണമെന്നുള്ള ചോദ്യത്തിനുത്തരം അവരവരിൽത്തന്നെ എന്നു തന്നെ. ശുദ്ധീകരണത്തിനു സ്വയം ഏല്പിച്ചുകൊടുത്താൽ മറ്റുള്ളവരോടു പറയുന്നതിൽ ഫലമുണ്ടാകും. പ്രവൃത്തിയില്ലാത്ത പ്രസംഗങ്ങളും, അനുഭവമില്ലാത്ത പ്രബോധനങ്ങളും ഇന്നത്തെ ശാപമാണ്. മറ്റാരെയെങ്കിലും പോലെ എനിക്കാകണമെന്നല്ല, കർത്താവിനെപ്പോലെ ആകണമെന്നതായിരിക്കണം ലക്ഷ്യം. സാധാരണ വിശ്വാസികളും എഴുത്തുകാരും ശുശ്രൂഷകരും നേതാക്കളും തങ്ങളെതന്നെ കണ്ടെത്താൻ ശ്രമിച്ചാൽ പല വിമർശനങ്ങളും ഒഴിവാക്കാം.

## ഇനി വിവാഹബന്ധവും ഇൻഷുർ ചെയ്യാം

**വാഷിംങ്ടൺ:** ഇനി വിവാഹബന്ധവും ഇൻഷുർ ചെയ്യാം. ബന്ധം തകർന്ന് വേർപിരിയേണ്ട സാഹചര്യം വന്നാൽ നിയമപരമായ വിവാഹമോചനത്തിനുള്ള ചെലവും സമശ്വാസമായി നല്ലൊരു തുകയും ഇൻഷുറൻ കമ്പനികൾ നല്കും.

സംയുക്തമായുള്ള സ്വത്തിന്റെയും കുട്ടികളുടെയും മേലുള്ള അവകാശം സ്ഥാപിച്ചു കിട്ടാൻ കേസ് വേണ്ടിവന്നാൽ അതിന്റെ ചെലവും ഇൻഷുറൻസ് കമ്പനി വഹിക്കും. വിവാഹമോചനത്തെ പ്രോത്സാഹിപ്പിക്കുന്ന ഇത്തരം പോളിസികൾ നിരോധിക്കണമെന്ന ആവശ്യവുമായി സാമൂഹിക മതസംഘടനകൾ രംഗത്തെത്തിയിട്ടുണ്ടെങ്കിലും പോളിസി വൻജനപ്രീതി നേടുന്നതാണ്. അമേരിക്ക, ബ്രിട്ടൻ, കാനഡ എന്നിവിടങ്ങളിൽ നിന്നുള്ള റിപ്പോർട്ടുകൾ, കാനഡയിൽ 38 ശതമാനം ദമ്പതികളും 30-ാം വിവാഹവാർഷികത്തിനു മുമ്പെ വേർപിരിയുന്നതായാണ് കണക്കുകൾ. അമേരിക്കയിൽ 46 ശതമാനം വിവാഹങ്ങളും പരാജയപ്പെടുന്നു. ബ്രിട്ടനിൽ വർഷം രണ്ടുലക്ഷം വിവാഹമോചനങ്ങൾ നടക്കുന്നുണ്ട്. ഈ സാഹചര്യത്തിലാണ് ഇതിന്റെ വ്യാപാര സാധ്യത മനസ്സിലാക്കി ഇൻഷുറൻസ് കമ്പനികൾ വൻ പ്രചാരവുമായി രംഗത്തെത്തിയിരിക്കുന്നത്. ഇത്തരം പോളിസികൾ എല്ലാ നവദമ്പതികളും എടുക്കണമെന്ന് കഴിഞ്ഞ ദിവസം ബ്രിട്ടനിൽ ചില മന്ത്രിമാർ അഭിപ്രായപ്പെട്ടത് വിവാദമായിട്ടുണ്ട്. കുടുംബബന്ധങ്ങളെ തകർച്ച് കച്ചവടം കൊഴുപ്പിക്കുന്ന ക്രൂരമുതലാളിത്തമാണ് പ്രകടമാക്കുന്നതെന്ന് മനുഷ്യാവകാശ സംഘടനകൾ ആരോപിക്കുന്നു.

# ഐ.പി.സി. യു.എ.ഇ. റീജിയൻ കൺവൻഷൻ:

## റവ. ഫ്രാങ്ക്ളിൻ ജെ. കൽവർ മുഖ്യപ്രഭാഷകൻ



**ഷാർജ:** ഐ.പി.സി. യു. എ. ഇ. റീജിയൻ കൺവൻഷൻ ഡിസംബർ 13 –15 വരെ ഷാർജ യൂണിയൻ ചർച്ചിൽ നടക്കും. റീജിയൻ പ്രസിഡന്റ് പാസ്റ്റർ എം. സി. ചാക്കോ ഉദ്ഘാടനം ചെയ്യും. പ്രശസ്ത സുവിശേഷ പ്രഭാഷകൻ ഡോ. ഫ്രാഗ്ലിൻ കൽവർ പ്രസംഗിക്കും. ദിവസവും വൈകിട്ടു എട്ടിനാണു പൊതുയോഗം. ഷാർജ ഐ.പി.സി. ക്വയർ ഗാനങ്ങൾ ആലപിച്ചു.

അമേരിക്കയിലെ ഓഹിയോയിൽ 'റിഡറക്ഷൻ പവർ ചർച്ച് ഓഫ് ഗോഡ്' സ്ഥാപകനായ റവ. കൽവർ ആഗോളവ്യാപകമായി ദൈവകരങ്ങളിൽ ശക്തമായി ഉപയോഗിക്കപ്പെടുന്ന സുവിശേഷപ്രഭാഷകനാണ്. റീജിയൻ ഭാരവാഹികളായ പാസ്റ്റർമാരായ ജി. വർഗീസ്, ഗേർസീം പി. ജോൺ, വിൽസൺ ജോസഫ്, സാമുവൽ ജോൺ, ബാബു മാത്യു എന്നിവർ നേതൃത്വം നൽകും. യു.എ.ഇ.യിലെ വിവിധ എമിറേറ്റുകളിൽ നിന്നും ശുശ്രൂഷകന്മാരും വിശ്വാസികളും പങ്കെടുക്കുമെന്നു പബ്ലിസിറ്റി കൺവീനർ ഷിബു മുള്ളംകാട്ടിൽ അറിയിച്ചു.

## എ.ജി. യു.എ.ഇ. റീജിയൻ കൺവൻഷൻ

**ഷാർജ:** അസംബ്ലിസ് ഓഫ് ഗോഡ് യു. എ. ഇ. റീജിയൻ വാർഷിക കൺവൻഷൻ ഷാർജ വർഷിപ്പ് സെന്ററിൽ നടന്നു. ബെഥേൽ ബൈബിൾ കേളേജ് പ്രിൻസിപ്പൽ റവ. ഡോ. റ്റി. പി. വർഗീസ് പ്രസംഗിച്ചു. റീജിയൻ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് വർഗീസ് അധ്യക്ഷത വഹിച്ചു. ഗുഡ്ന്യൂസ് എഡിറ്റർ സി. വി. മാത്യു ആശംസയറിയിച്ചു. പാസ്റ്റർമാരായ ആന്റണി ജോസഫ്, പി. സി. ജോയിക്കുട്ടി, മാണി ഇമ്മാനുവേൽ, വി. ഒ. ചെറിയാൻ റീജിയൻ സെക്രട്ടറി ടോം ജോർജ്, ട്രഷറർ ജി. ബേബി എന്നിവർ നേതൃത്വം നൽകി.

## ചർച്ച് ഓഫ് ഗോഡ് (കല്ലുമല) സംയുക്താരാധന

**ഷാർജ:** ചർച്ച് ഓഫ് ഗോഡ് (കല്ലുമല) യു.എ.ഇയിലെ സഭകളുടെ സംയുക്താരാധന നവം. 16നു ഷാർജ വർഷിപ്പ് സെന്ററിൽ നടന്നു. യു.എ.യിലെ വിവിധ സഭകളിൽനിന്നു എഴുന്നൂറോളം വിശ്വാസികൾ പങ്കെടുത്തു. പാസ്റ്റർ ഇ.എം. ജേക്കബ് കല്ലുമല, പാസ്റ്റർ ജോർജ് ജോസഫ് എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ജോസഫ് റ്റി. പുന്നൂസ് അധ്യക്ഷത വഹിച്ചു.

## ഐ. സി. പി. എഫ്. മ്യൂസിക്ക് നൈറ്റ്

**അൽഐൻ:** ഐ. സി. പി. എഫ്. അൽഐൻ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ അൽഐൻ ഒയാസിസ് ഓഡിറ്റോറിയത്തിൽ മ്യൂസിക്കൽ നൈറ്റ് നടത്തി. പാസ്റ്റർ ജോസ് മല്ലിശേരി ഉദ്ഘാടനം ചെയ്തു. ഷാജി മാത്യുവിന്റെ നേതൃത്വത്തിൽ അൽഐൻ ഗോസ്പൽ സിങ്ങേഴ്സ് ഗാനങ്ങളാലപിച്ചു. പാസ്റ്റർ ബിജു വെട്ടിമല, ഐ. സി. പി. എഫ്. റീജിയണൽ കോഡിനേറ്റർ സന്തോഷ് ഈപ്പൻ, അജു ചെറിയാൻ, തോമസ് മാത്യു എന്നിവർ പ്രസംഗിച്ചു. പി. സി. തോമസുകുട്ടി സ്വാഗതവും പാസ്റ്റർ ഏലിയാസ് ഉമ്മൻ നന്ദിയും പറഞ്ഞു.

# മനുഷ്യൻ ക്രിസ്തുവിൽനിന്ന് അകലുന്നു: പെരുമ്പടവം



*ഷാർജാ യൂണിയൻ ചർച്ചിൽ ഗൾഫ് മലയാളി ക്രിസ്ത്യൻ റൈറ്റേഴ്സ് ഫോറം സംഘടിപ്പിച്ച സത്യവേദപുസ്തക ശതാബ്ദി സമ്മേളനത്തിൽ പെരുമ്പടവം ശ്രീധരൻ മുഖ്യപ്രഭാഷണം നടത്തുന്നു.*

**ഷാർജ:** മനുഷ്യൻ ക്രിസ്തുവിൽ നിന്നു അകലുന്നതാണു ഇന്നു ലോകം നേരിടുന്ന ദുരവസ്ഥയ്ക്ക് കാരണം എന്ന് പ്രശസ്ത സാഹിത്യകാരൻ പെരുമ്പടവം ശ്രീധരൻ അഭിപ്രായപ്പെട്ടു. സ്നേഹത്തിന്റെ മറ്റൊരു പേരാണു ക്രിസ്തു. ഷാർജാ യൂണിയൻ ചർച്ചിൽ ഗൾഫ് മലയാളി ക്രിസ്ത്യൻ റൈറ്റേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സത്യവേദപുസ്തക ശതാബ്ദി സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സ്നേഹത്തിന്റെ മറ്റൊരു പേരാണ് ക്രിസ്തു. അയൽക്കാരനെ സ്നേഹിക്കുക, ശത്രുവിനെ സ്നേഹിക്കുക എന്നു ലോകത്തോടു തുറന്നുപറയുന്ന ക്രിസ്തുവിന്റെ വഴികളിലേക്കു നാം മടങ്ങിവരണം.

സഹോദരസ്നേഹത്തോടു ഹെർമൻ ഗുണ്ടർട്ട് അടക്കമുള്ള വിദേശ മിഷനറിമാർ ഭാഷയിലെ ലിപിയും വ്യാകരണവും പഠിച്ച്, ജാതിയും മതവും ചോദിക്കാതെ മലയാളക്കരയിൽ നടത്തിയ പ്രേഷിതപ്രവർത്തനങ്ങളിലൂടെ മലയാളഭാഷയ്ക്കു സമ്മാനിച്ച സ്നേഹത്തിന്റെ സുവിശേഷമടങ്ങിയ നിധിയാണു സത്യവേദപുസ്തകമെന്നു അദ്ദേഹം ഓർമിപ്പിച്ചു. പാസ്റ്റർ കെ.വൈ. തോമസ് അധ്യക്ഷതവഹിച്ചു. ഗുഡ്ന്യൂസ് ചീഫ് എഡിറ്റർ സി. വി. മാത്യു ഉദ്ഘാടനം ചെയ്തു.

ഗൾഫ് മേഖലയിലെ പന്തെക്കോസ്തു എഴുത്തുകാരുടെ സർഗവാസന വളർത്തിയെടുക്കുന്നതിനു റൈറ്റേഴ്സ് ഫോറം ചെയ്യുന്ന ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. എഴുതുക എന്ന നിയോഗം ഏറ്റെടുക്കുവാൻ ധാരാളം പേർ ഇനിയും മുന്നോട്ടു വരണം. ദൈവിക നിയോഗമായി അതു ചെയ്യുകയും വേണം- സി. വി. മാത്യു ഓർമിപ്പിച്ചു. റൈറ്റേഴ്സ് ഫോറം ഗൾഫ് മേഖല അടിസ്ഥാനത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിലെ വിജയികൾക്കു ഫലകവും പ്രശസ്തിപത്രവും മരുപ്പച്ച ചീഫ് എഡിറ്റർ അച്ചൻകുഞ്ഞ് ഇലന്തൂർ, വർഷിപ്പ് സെന്റർ ചെയർമാൻ പാസ്റ്റർ വിൽസൺ ജോസഫ് എന്നിവർ വിതരണം ചെയ്തു.

റൈറ്റേഴ്സ് ഫോറം ജനറൽ സെക്രട്ടറി ഷിബു മുള്ളംകാട്ടിൽ യോഗപരിപാടികൾ നിയന്ത്രിച്ചു. സാം ഫിലിപ്പ്, വർക്കി ഏബ്രഹാം, തോമസ് പഞ്ഞിക്കാട്ടിൽ, റോജിൻ പൈനുംമൂട്, അലക്സ് ജോൺ, ലാൽ മാത്യു, ജയിംസ് മേമന എന്നിവർ പ്രസംഗിച്ചു. ഷാർജ ഐ. പി. സി. ക്വയർ ഗാനങ്ങളാലപിച്ചു.

ഐ.സി.പി.എഫ്. യു.എ.ഇ. ചാപ്റ്റർ പുറത്തിറക്കിയ സത്യവേദപുസ്തകത്തിന്റെ സി. ഡിയുടെ പ്രകാശനം പെരുമ്പടവം ശ്രീധരൻ സി.വി. മാത്യുവിനു നൽകി നിർവഹിച്ചു.

# ഗിൽഗാൽ ബിബ്ലിക്കൽ സെമിനാരി ബിരുദദാന സമ്മേളനം



*ഡോ. പോൾ സ്ക്മിഡ്ഗാൾ*



*ഡോ. എറിക് ബ്രൗൺ*



*ഡോ. ഫ്രെഡ് ഗാൻമൻ*



*ഡോ. ലാറി ജി. ഹെസ്*

ഷാർജ: ഗിൽഗാൽ ബിബ്ലിക്കൽ സെമിനാരിയുടെ രണ്ടാമത് ബിരുദദാന സമ്മേളനം ഡിസംബർ 2 ന് വൈകിട്ട് 6.30 ന് ഷാർജ വർഷിപ്പ് സെന്റർ മെയിൻ ഹാളിൽ നടക്കും. ഡോ. ലാറി ജി. ഹെസ് (യൂറോപ്പ്), ഡോ. പോൾ സ്ക്മിഡ്ഗാൾ, ഡോ. ഫ്രെഡ് ഗാൻമൻ, ഡോ. എറിക് ബ്രൗൺ എന്നിവരെ കൂടാതെ ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമായി പ്രശസ്തരായ അനേകം ദൈവദാസന്മാർ പങ്കെടുക്കുന്ന സമ്മേളനത്തിന് സെമിനാരി ഡയറക്ടർ ഡോ. കെ. ഒ. മാത്യു നേതൃത്വം നല്കും. മിഡിൽ ഈസ്റ്റിൽ എ.റ്റി.എ യുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഏക ബിബ്ലിക്കൽ സെമിനാരിയായ ഗിൽഗാൽ ബിബ്ലിക്കൽ സെമിനാരിയുടെ ശാഖകൾ യു.എ.ഇ.യിലെ എല്ലാ എമിറേറ്റ്സുകളിലും പ്രവർത്തിച്ചു വരുന്നു. വിവിധ രാജ്യക്കാരും, ഭാഷക്കാരുമായി 250-ഓളം വിദ്യാർഥികൾ ഇവിടെ പഠിക്കുന്നു.

## ഗ്ലാഡിസ് സെറ്റെയിംസ് അബുദബിയിൽ



**ദുബായ്:** ഒറീസ്സയിൽ സുവിശേഷവിരോധികളുടെ അഗ്നിക്കിരയായ ഗ്രഹാം സ്റ്റെയിംസിന്റെ ഭാര്യ ഗ്ലാഡിസ് സെറ്റെയിംസ് സ്വകാര്യ സന്ദർശനാർഥം ഡിസംബർ 3 നു ഗൾഫിലെത്തുന്നു. മസ്ക്കറ്റിലും ദുബായിലും അബുദാബിയിലും ആണ് സന്ദർശനം നടത്തുന്നത്. അബുദബിയിൽ ഡിസംബർ 10 പൊതു സമ്മേളനത്തിൽ പ്രസംഗിക്കും.

# യു.എ.ഇ. സ്വാതന്ത്ര്യദിനം: സഭകളുടെ സംഗമദിനം

**ഷാർജ:** സ്വാതന്ത്ര്യദിനത്തിന്റെ 39-ാമതു വാർഷിക ദിനമായ ഡിസംബർ രണ്ട് യു.എ.ഇയിലെ ജനങ്ങൾ ആഘോഷത്തിമിർപ്പിലാകുമ്പോൾ യു. എ. ഇയിലെ ക്രൈസ്തവ ദൈവാലയങ്ങൾ ആത്മീയസ്വാതന്ത്ര്യത്തിന്റെ സംഗമവേദിയായി മാറും. യു. എ. ഇയിലെ മുഴുവൻ ദൈവാലയങ്ങളും ഈ ദിനം ആരാധനാമുകരിതമാകുകയും ചെയ്യും. പ്രമുഖ പെന്തെക്കോസ്തു സഭകളുടെ സംയുക്താരാധനയാണ് ഈ ദിനത്തിന്റെ സവിശേഷത. ഐ.പി.സി. റീജിയനിലെ സഭകളുടെസംയുക്താരാധന രാവിലെ 9-1 വരെ ഷാർജ വർഷിപ്പ് സെന്ററിൽ നടക്കും. റീജിയൻ പ്രസിഡന്റ് പാസ്റ്റർ എം.സി ചാക്കോ, സെക്രട്ടറി പാസ്റ്റർ വിൽസൺ ജോസഫ് എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകും. വിവിധ എമിറേറ്റുകളിൽനിന്നു രണ്ടായിരത്തോളം വിശ്വാസികൾ പങ്കെടുക്കും. അസംബ്ലിസ് ഓഫ് ഗോഡ് സഭകളുടെ ആരാധന ഷാർജ യൂണിയൻ ചർച്ചിൽ രാവിലെ 8.30-1 മണിവരെ നടക്കും. റീജിയൻ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് വർഗീസ്, സെക്രട്ടറി ടോം ജോർജ് എന്നിവർ നേതൃത്വം നൽകും.

ചർച്ച് ഓഫ് ഗോഡ് സഭകളുടെ റീജിയൻ സംയുക്താരാധന ഉച്ചയ്ക്ക് 2.30-5.30 വരെ ഷാർജ വർഷിപ്പ് സെന്ററിൽ നടക്കും. ചർച്ച് ഓഫ് ഗോഡ് മിഡിലീസ്റ്റ് ഫീൽഡ് ഡയറക്ടർ ഡോ. ലാരിജി ഹെസ്റ്റ്, മിഡിലീസ്റ്റ് ഡയറക്ടർ ഡോ. പോൾ സ്മിത്ത്ഗാൾ, മിഡിലീസ്റ്റ് ഓവർസിയർ ഡോ. കെ. ഒ. മാത്യു എന്നിവർ പ്രസംഗിക്കും. ശാരോൻ ഫെലോഷിപ്പ് ചർച്ചുകളുടെ സംയുക്താരാധന അബുദാബി സെന്റ് ആൻഡ്രൂസ് കമ്യൂണിറ്റി ഹാളിൽ നടക്കും. പാസ്റ്റർ ജോയി ജോർജ്, പാസ്റ്റർ ജേക്കബ് ജോർജ് എന്നിവർ നേതൃത്വം നൽകും. പി.എം.ജി. ചർച്ചുകളുടെ സംയുക്താരാധന രാവിലെ 10 മുതൽ ഷാർജ വർഷിപ്പ് സെന്ററിൽ നടക്കും. പാസ്റ്റർ ശീമോൻ എം. ഷൈം പ്രസംഗിക്കും. പാസ്റ്റർ സാമുവേൽ സൈമൺ, പാസ്റ്റർ ജേക്കബ് ദാനിയേൽ ന്നിവർ നേതൃത്വം നൽകും. ഇവാ. റെജി തോമസിന്റെ നേതൃത്വത്തിൽ പ്രെയസ് & വർഷിപ്പ് ഉണ്ടായിരിക്കും. ബെഥേൽ ചർച്ച് ഓഫ് ഗോഡിന്റെ സംയുക്താരാധന രാവിലെ 10ന് അബുദാബി ഇവാൻജലിക്കൽ സെന്ററിൽ നടക്കും. മാറാനാഥാ, സുവാർത്താ തുടങ്ങിയ യു. എ.ഇയിലെ മറ്റു സഭകൾക്കും അന്നേദിവസം പ്രത്യേക ആരാധനകൾ നടക്കുന്നുണ്ട്.







Best coaching for IELT, TOFEL, Spoken English by experts
Locations: Abu Dhabi, Al Ain, Ruwais and Madina Zayed (Bithadsa)
Contact: 0506727176; 0504103952




Edited, Printed and published by P.C. Glenny, Editor in charge Pramod Koothoor news@newsmanna.com, Visit: www.mannanews.ning.com 050 3241610, 055 3969791